**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 201** **12-10-2026-ൽ മറുപടിയ്ക്ക്**

**ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഉണ്ട്. ജില്ലാ, ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി "Developing Super Speciality Facilities in Selected District/ General Hospitals" എന്ന പദ്ധതി മുഖേന തെരഞ്ഞെടുത്ത ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ ആശുപത്രികളിൽ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങളിലേതുൾപ്പെടെയുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി KMSCL മുഖേന ഉപകരണങ്ങൾ ലഭ്യമാക്കി വരുന്നു.

കൂടാതെ, സംസ്ഥാനത്ത് 24x7 സ്പെഷ്യാലിറ്റി സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽ നിന്നും രണ്ടു വീതം ആകെ 28 പ്രധാന ആശുപത്രികളെ (ജനറൽ, ജില്ലാ, താലൂക്ക് ആസ്ഥാന ആശുപത്രികൾ) രണ്ടു ഘട്ടങ്ങളിലായി തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യപടിയായി കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 01.09.2026 മുതൽ സ്പെഷ്യാലിറ്റി, കാഷ്വാലിറ്റി സേവനങ്ങൾ ആരംഭിച്ചു. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിലായി 9 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മറ്റ് സർക്കാർ ആശുപത്രികളിലും മുഴുവൻ സമയ സ്പെഷ്യാലിറ്റി സേവനം നൽകുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ ഡോക്ടർമാരുടെ സ്റ്റേ ഡ്യൂട്ടിയും തുടർന്ന് ആവശ്യമുള്ളപ്പോൾ സേവനം ലഭ്യമാക്കുന്ന ഓൺ കോൾ സംവിധാനവുമാണോ തുടക്കത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

**മറുപടി:** രാവിലെ 8 മണി മുതൽ രാത്രി എട്ട് മണി വരെ ഡോക്ടർമാരുടെ സ്റ്റേ ഡ്യൂട്ടിയും തുടർന്ന് ആവശ്യമുള്ളപ്പോൾ സേവനം ലഭ്യമാക്കുന്ന ഓൺ കോൾ സംവിധാനവുമാണ് തുടക്കത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്

**(സി)** കാഷ്വാലിറ്റി, തീവ്രപരിചരണം എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്താൻ കൂടുതൽ മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പാക്കുമോ; ട്രയേജ് സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** കാഷ്വലിറ്റി വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഒ.പി. സമയത്തിനു ശേഷം കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികളെ രോഗത്തിന്റെ സങ്കീർണ്ണത അനുസരിച്ച് തരംതിരിച്ച് ചികിത്സ നൽകുന്നതിനുള്ള ട്രയേജ് സംവിധാനവും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**